## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :3108 — 18.10.2016 ൽ മറുപടിക്ക്

### വസ്ത്രഗ്രാമം പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.സി.ജോസഫ്<br>ശ്രീ.അനിൽ അക്കര<br>ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.റോജി.എം.ജോൺ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് വസ്ത്രഗ്രാമം പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; | (എ) വ്യവസായ വാണിജ്യ ഡയറക്ടറുടെ മേൽ നോട്ടത്തിൽ കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപറേഷൻ മുഖാന്തിരം വസ്ത്രഗ്രാമം പദ്ധതി നടപ്പാക്കിവരുന്നു. |
| (ബി) പരമ്പരാഗത വ്യവസായ മേഖല യിൽ പുത്തനുണർവ് സൃഷ്ടിക്കാൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതി യിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദീകരിക്കാമോ; | (ബി) പരമ്പരാഗത വ്യവസായത്തിൽ ഏർപ്പെട്ടിട്ടുള്ള വനിതകൾക്ക് തൊഴിൽ ലഭ്യമാക്കി അവരുടെ കുടുംബ വരുമാനം വർദ്ധിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഓരോ ജില്ലകളിൽ നിന്നും 60 വനിതകളെ തെരഞ്ഞെടുത്ത് വിവിധതരം വസ്ത്രങ്ങൾ തയ്ക്കുന്നതിനും വസ്ത്രങ്ങളിൽ ഓർണമെന്റേഷൻ നടത്തി മൂല്യവർദ്ധനവ് വരുത്തുന്നതിനും മൂന്നുമാസത്തെ പരിശീലനം നൽകുക, പരിശീലനം പൂർത്തീകരിക്കുന്നവർ രൂപീകരിക്കുന്ന വനിത വ്യവസായ സഹകരണ സംഘങ്ങൾക്ക് പൊതു സേവനകേന്ദ്രം സ്ഥാപിക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. സംസ്ഥാനത്തൊട്ടാകെ വസ്ത്രഗ്രാമം പദ്ധതി നടപ്പാക്കുന്നതിലൂടെ ഏകദേശം 1000 ൽപരം കുടുംബങ്ങൾക്ക് ഇതിന്റെ ഗുണം ലഭിക്കുമെന്ന് കണക്കാക്കുന്നു. |
| (സി) പദ്ധതിയിലൂടെ ഏതെല്ലാം ജില്ലകളിൽ തൊഴിൽകേന്ദ്രം തുടങ്ങാനും എന്തെല്ലാം പരിശീലന ങ്ങൾ നൽകാനുമാണ് ഉദ്ദേശിക്കുന്ന തെന്ന് വ്യക്തമാക്കുമോ? | (സി) തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിൽ വിവിധതരത്തിലുള്ള വസ്ത്രങ്ങൾ നിർമ്മിക്കുന്നതിനും, യൂണിഫോം വസ്ത്രങ്ങൾ നിർമ്മിക്കുന്നതിനും, വസ്ത്രങ്ങളിൽ ഓർണമെന്റേഷൻ, സ്റ്റോൺ, ബീഡ്സ് വർക്കുകൾ നടത്തുന്നതിനും മൂന്നുമാസത്തെ പരിശീലനം നടത്തുവാനും മുമ്പ് പൊതുസേവന കേന്ദ്രം സ്ഥാപിച്ചിട്ടുള്ള എറണാകുളം, തൃശ്ശൂർ, പാലക്കാട് ജില്ലകളിലൊഴികെ മറ്റ് 11 ജില്ലകളിൽ |

പൊതു സേവന കേന്ദ്രം ആരംഭിക്കുന്നതിനും ലക്ഷ്യമിടുന്നു.

സെക്ഷൻ ഓഫീസർ